# തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

## സംഗ്രഹം

**ദേവസ്വം ബോർഡ് റിക്കാർഡുകളിൽ ശബരിമല ശ്രീധർമ്മശാസ്താ ക്ഷേത്രം എന്നുള്ളത് മാറ്റി ശബരിമല ശ്രീഅയ്യപ്പസ്വാമി ക്ഷേത്രം എന്നാക്കി മാറ്റുന്നത് സംബന്ധിച്ച്.**

---

നടപടി ഉത്തരവ് നമ്പർ ആർസെി. 580/16/ശബ തിരുവനന്തപുരം, തീയതി:06/10/2016

---

**പരാമർശം:-** **05.10.2016-ലെ ബോർഡ് തീരുമാനം.**

## ഉത്തരവ്

ശബരിമല ശ്രീഅയ്യപ്പസ്വാമി ക്ഷേത്രത്തെ വർഷങ്ങളായി ശബരിമല ശ്രീധർമ്മശാസ്താ ക്ഷേത്രം എന്നാണ് ദേവസ്വം റിക്കാർഡുകളിൽ എഴുതി കാണുന്നത്. തിരുവിതാംകൂർ ദേവസ്വം ബോർഡിന് ധാരാളം ധർമ്മാശാസ്താ ക്ഷേത്രങ്ങൾ ഉണ്ട്. പക്ഷെ ശബരിമല ശ്രീഅയ്യപ്പസ്വാമി ക്ഷേത്രം, അയ്യപ്പസ്വാമി ധർമ്മ ശാസ്താവിൽ വിലയം പ്രാപിച്ച ക്ഷേത്രം ആയിട്ടാണ് ഈ ക്ഷേത്രം കണക്കാക്കുന്നത്. അയ്യപ്പസ്വാമി നൂറ്റാണ്ടുകൾക്ക് മുൻപ് ദൈവഹിത പ്രകാരമുള്ള തന്റെ ദൗത്യങ്ങൾ എല്ലാം പൂർത്തിയാക്കിയ ശേഷം ശബരിമലയിൽ ചെന്ന് വിലയം പ്രാപിയ്ക്ക വഴി ശബരിമല ശ്രീധർമ്മാശാസ്താ ക്ഷേത്രം, ശ്രീഅയ്യപ്പസ്വാമി ക്ഷേത്രമായി മാറുകയുണ്ടായി. വർഷങ്ങൾക്ക് മുൻപ് വിഗ്രഹം തച്ചുടച്ച് ക്ഷേത്രം തീവച്ച് നശിപ്പിച്ച ശേഷം, ക്ഷേത്രം പുനരുദ്ധരിച്ച് പുനപ്രതിഷ്ഠ നടത്തിയതിലും, ശ്രീഅയ്യപ്പസ്വാമിയുടെ പ്രതിഷ്ഠയാണ് നടത്തിയിട്ടുള്ളത്. ശ്രീഅയ്യപ്പസ്വാമി കുടികൊള്ളുന്ന ലോകത്തിലെ ഏകസ്ഥാനമാണ് ശബരിമല. അതുകൊണ്ടാണ് ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും കോടാനുകോടി ഭക്തന്മാർ സ്വാമിയെ കാണാൻ എല്ലാ വർഷവും വന്നെത്തുന്നത്. അതുകൊണ്ട് ദേവസ്വം ബോർഡിന്റെ റിക്കാർഡുകളിൽ ശബരിമല ശ്രീധർമ്മശാസ്താ ക്ഷേത്രം എന്നുള്ളത് മാറ്റി ശബരിമല ശ്രീ അയ്യപ്പ സ്വാമി ക്ഷേത്രം എന്നാക്കി മാറ്റി ബോർഡ് ഉത്തരവായി.

തിരുവിതാംകൂർ ദേവസ്വം ബോർഡിന് വേണ്ടി,
(ഒപ്പ്)
സെക്രട്ടറി

വിവരമറിവാനും വേണ്ടുന്ന മേൽ നടപടി സ്വീകരിക്കുന്നതിനുമായി പകർപ്പ്:-

1) ദേവസ്വം കമ്മീഷണർ
2) ചീഫ് എഞ്ചിനീയർ (ജനറൽ)
3) സൂപ്രണ്ട് ഓഫ് പോലീസ് (വിജിലൻസ് ആന്റ് സെക്യൂരിറ്റി)
4) ഫൈനാൻസ് ആന്റ് അക്കൗണ്ട്സ് ആഫീസർ
5) ദേവസ്വം അക്കൗണ്ട്സ് ആഫീസർ
6) ചീഫ് എഞ്ചിനീയർ
7) കൾച്ചറൽ ഡയറക്ടർ
8) എക്സിക്യൂട്ടീവ് ആഫീസർ, ശബരിമല
9) എല്ലാ ദേവസ്വം ജില്ലാ ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർമാർക്കും
10) എല്ലാ അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർമാർക്കും
11) ഇ.ഡി.പി. സെക്ഷൻ
12) സെക്ഷൻ ഫയൽ
13) ഫെയർ ഓഫീസ് കോപ്പി

അംഗീകാരത്തോടെ

അസിസ്റ്റന്റ് സെക്രട്ടറി
ശബരിമല സെൽ